# ഒരു തൈ നടൂ പുണ്യം നേടൂ

عَنْ أَنَس رَضِيَ الله عَنْهُ عَن النّبِي ﷺ قَالَ: وَإِنْ قَامَت السَّاعَةُ وَفِي يَدِكُمْ فَسِيلَةٌ,فَإِن اسْتَطَاعَ أَنْ لاَ تَقُومَ حَتَّى يَغْرِسَهَا فَلْيَغْرِسْهَا فَلَه بِذَلِكَ أَجْرٌ(البخارى)

**നബി(സ) പറഞ്ഞതായി അനസ്(റ) ഉദ്ധരിക്കുന്നു: "നിങ്ങളിലൊരാളുടെ കൈയിൽ ഒരീത്തപ്പനച്ചെടിയിരിക്കെ അന്ത്യനാൾ ആഗതമായാൽ, അത് സംഭവിക്കുന്നതിനു മുമ്പ് ആ ചെടി നടാൻ സാധിച്ചാൽ അതവൻ നട്ടു കൊള്ളട്ടെ, അതിനവന് പ്രതിഫലമുണ്ട്" (ബുഖാരി)**

ഇസ്‌ലാമെന്ന സമ്പൂർണ ജീവിത പദ്ധതിയുടെ മഹത്വം മനസ്സിലാക്കിത്തരുന്ന ഈ നബിവചനം മനുഷ്യന്റെ ലൗകിക ജീവിതവുമായി ബന്ധപ്പെട്ട് ഇസ്‌ലാം നൽകുന്ന അധ്യാപനങ്ങളിൽ ഒന്നു മാത്രമാണ്. ആദ്യദിനം ആഗതമായിരിക്കെ എല്ലാം ഇട്ടെറിഞ്ഞ് തൗബ ചെയ്യാനും ആത്മീയാനുഷ്ഠാനങ്ങൾ നിർവഹിക്കാനുമല്ലേ വിശ്വാസി തുനിയേണ്ടതെന്ന് ആർക്കും തോന്നാം. നിമിഷങ്ങൾ കൊണ്ട് എല്ലാം നശിക്കാനിരിക്കെ കൈയിലുള്ള ചെടി നടാൻ പറയുന്നതിൽ ചിലർക്കെങ്കിലും ആശ്ചര്യം തോന്നും. പരിശുദ്ധ ഖുർആനും തിരുവചനങ്ങളും ഹൃദയ വിശാലതയോടെ പഠിക്കുന്നവന് ഇതത്ര അത്ഭുതകരമായി തോന്നില്ല.

ജീവിതത്തിന്റെ അന്ത്യ നിമിഷങ്ങളടുത്തുവരുന്നു എന്നുറപ്പിക്കുമ്പോഴും സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കി, ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ബാക്കിയുണ്ടെന്ന ഉറച്ച മനസ്സിനുടമകളായിരുന്നു പ്രവാചകനും അനുയായികളും.

ഖുർആന്റെ അവതരണം പൂർത്തിയായ ശേഷവും പ്രവാചകന്റെ ജീവിത മാതൃക സ്വഹാബികളിൽ മിക്കവർക്കും അറിവുണ്ടായിട്ടും മരണാസന്നനായ പ്രവാചകൻ (സ) മരണത്തിനുമുമ്പ് ഇനിയും എന്തൊക്കെയോ എഴുതി നൽകാൻ കടലാസ് ഹാജരാക്കാനാണ് ചുറ്റും കൂടി നിന്നവരോട് പറഞ്ഞത്.

"അല്ലാഹു നിനക്ക് സമ്മാനിച്ചിരിക്കുന്ന പരലോകത്തെ നീ ആഗ്രഹിച്ചുകൊണ്ടിരിക്കുക, എന്നാൽ ദുൻയാവിലുള്ള നിന്റെ ബാധ്യതയെ നീ വിസ്മരിക്കരുത്."

ഭൗതികമായ ഉത്തരവാദിത്തങ്ങളിൽ നിന്നൊളിച്ചോടി ദിക്റുകളും ദുആയുമായി ജീവിതം തള്ളിനീക്കുന്നവർ, അല്ലെങ്കിൽ അതൊക്കെ ദീനിനു പുറത്താണ് എന്ന് ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നവർ ഇസ്‌ലാമിനെക്കുറിച്ച് അന്യമതസ്ഥരുടെ മുമ്പിൽ മോശമായ പ്രതിച്ഛായയാണ് സൃഷ്ടിക്കുന്നത്.

ദുൻയാവിൽ മറ്റുള്ളവരുടെ നന്മ ഉദ്ദേശിച്ചു നാം ചെയ്യുന്ന ചെറിയ കർമങ്ങൾ പോലും നാളെ മുതൽക്കൂട്ടായി നമുക്ക് കൂട്ടിനുണ്ടാകും.

എന്തു പുണ്യ പ്രവൃത്തി ചെയ്താലും അതിന്റെ ഓഹരി ഈ ലോകത്ത് തന്നെ ഉടനെ കിട്ടണം എന്ന് ശഠിക്കുന്നവർക്ക് നാളേക്ക് ഒന്നും ബാക്കിയുണ്ടാവുകയില്ല.

കാർഷിക വൃത്തിക്ക് ഈ നബി വചനത്തിൽ പ്രോൽസാഹനമുണ്ട്. ഇന്ന് നാം നട്ടുവളർത്തുന്ന ഓരോ വൃക്ഷത്തെയും ഇന്നല്ലെങ്കിൽ നാളെ വലിയ ഫലവൃക്ഷമായി ആർക്കൊക്കെയാണ് പ്രയോജനപ്പെടുക എന്നാര് കണ്ടു! ഇന്നലെ നമ്മുടെ മുൻഗാമികൾ ചെയ്ത സൽകർമങ്ങളുടെ ഫലം ഇന്നു നാം വളരെ ഉൽസാഹപൂർവ്വം ആസ്വദിച്ചുകൊണ്ടിരിക്കുന്നു. വിതക്കാതെയും കൊയ്യാതെയും തിന്നുന്നത് പറവകൾ മാത്രമാണ്. മറ്റുള്ളവർ കൃഷി ചെയ്യുന്നത് തിന്നു തീർക്കാൻ മാത്രം ശ്രമിക്കുന്നവർ മാനസികമായ അടിമത്തം അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ്. സമൂഹത്തോടുള്ള ബാധ്യത നിറവേറ്റുന്നതിൽ വൈമനസ്യം കാണിക്കുന്നവനെ നാം എങ്ങനെ വിശ്വാസി എന്നു വിളിക്കും?

എന്തു പുണ്യപ്രവൃത്തി ചെയ്യുമ്പോഴും സത്വരഫലം ലഭിക്കണം എന്നത് ദൈവിക നിയമങ്ങൾക്കെതിരാണ്. അങ്ങനെ ചിന്തിക്കുമ്പോൾ ഒരു പുരോഗതിയും ഇവിടെ ഉണ്ടാകാതെ പോകുന്നു.

ചിലപ്പോൾ തലമുറകൾ കഴിഞ്ഞായിരിക്കും അതിന്റെ പൂർണമായ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നത്. ഇസ്‌ലാമിക പ്രബോധന രംഗത്തുള്ളവർ തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം ഉടൻ നടപ്പാകണമെന്ന് ശാഠ്യം പിടിക്കുന്നത് തെറ്റാണ്. മറ്റുള്ളവർ നിങ്ങളെ ഈ വിഷയത്തിൽ എത്ര പ്രകോപിപ്പിച്ചാലും ആക്ഷേപിച്ചാലും, ഉദ്ദേശ്യശുദ്ധിയോടെ അല്ലാഹുവിന്റെ മർഗത്തിൽ ഇറങ്ങിത്തിരിക്കുക. തീർച്ചയായും ഫലം അല്ലാഹു നൽകും. ചിലപ്പോൾ വർഷങ്ങൾക്ക് ശേഷം, അല്ലെങ്കിൽ തലമുറകൾക്ക് ശേഷം. ■